(ബി) ആശ്രിത നിയമന വകുപ്പിൽ അപേക്ഷകരുടെ, അപേക്ഷാ തീയതിയുടെ സീനിയോറിറ്റി കണക്കാക്കിയാണ് വേക്കൻസി അലോട്ട് ചെയ്യുന്നത്. വകുപ്പ് തിരിച്ചുള്ള നിയമനം സി. ഇ. സെൽ-ൽ നടക്കുന്നില്ല.

(സി) പരിശോധിക്കുന്നതാണ്.

വകുപ്പ് സെക്രട്ടറിമാരുടെ വിദേശ പര്യടനച്ചെലവുകൾ

3 [770] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാന കേഡറിലുള്ള എത്ര വകുപ്പ് സെക്രട്ടറിമാർ ഔദ്യോഗികമായി വിദേശ പര്യടനം നടത്തിയെന്നും അവർ ആരെല്ലാമാണെന്നും വെളിപ്പെടുത്തുമോ ;

(ബി) ഇവർ ഓരോരുത്തരും സന്ദർശിച്ച രാജ്യങ്ങൾ ഏതെല്ലാമായിരുന്നുവെന്നും അതിന്റെ ഔദ്യോഗിക ആവശ്യം എന്തായിരുന്നുവെന്നും അറിയിക്കാമോ ;

(സി) ഈ യാത്രകൾക്കായി ഓരോ ഉദ്യോഗസ്ഥനും ചെലവാക്കിയ വിമാനയാത്രക്കൂലി, താമസ ചെലവ് മറ്റ് അലവൻസുകൾ എന്നിവ എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

സമാശ്വാസ നിയമന പദ്ധതി

4 [771] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് തസ്തികയിൽ സമാശ്വാസ നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ ;

(ബി) മറ്റ് വകുപ്പുകളിൽ ജോലി നോക്കവെ മരണപ്പെടുന്നവരുടെ ആശ്രിതർക്കായി എത്ര ശതമാനം തസ്തികകളാണ് മാറ്റിവച്ചിട്ടുള്ളത് ; പ്രസ്തുത വിഭാഗത്തിൽ എത്ര ഉദ്യോഗാർത്ഥികൾക്ക് ഇനി നിയമനം നൽകാനുണ്ട് ; ഇവരുടെ പേര്, അപേക്ഷ സമർപ്പിച്ച തീയതി എന്നിവ സീനിയോറിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(സി) ഏത് തീയതി വരെ അപേക്ഷിച്ചവർക്ക് ഈ വിഭാഗത്തിൽ നിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അംഗീകൃത സർവ്വകലാശാലാ ബിരുദമാണ് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിലേക്കുള്ള അടിസ്ഥാന യോഗ്യതയായി കണക്കാക്കുന്നത്. അപേക്ഷാ തീയതിയുടെ മുൻഗണനാക്രമമനുസരിച്ചാണ് നിയമനം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly